Mar Thoma Residential School, Tiruvalla

Model Examination - 2020

**MALAYALAM**

***(Maximum Marks : 100)***
***(Time allowed : Three hours)***

*(Candidates are allowed **additional 15 minutes** for only reading the paper. They must NOT start writing during this time.)*

---

*Answer questions **1, 2** and **3** in Section **A** and **four** other questions from Section **B** on at least **three** of the prescribed textbooks.*
*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION A

### LANGUAGE - 50 Marks

Question 1

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി നാനൂറു വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക [20]

i) യുവത്വവും സംസ്കാരവും

ii) മതമൈത്രി നിലനിർത്തേണ്ടതിന്റെ ആവശ്യകത

iii) നിങ്ങളുടെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു അനുഭവം

iv) വാർത്താ വിനിമയ മാധ്യമങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള പങ്ക്

v) കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഇന്നത്തെ തലമുറയിൽ

vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥയെഴുതുക

a) അമ്മമനസ്സ് b. വേനൽമഴ

Question: 2.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മുൻതലമുറയിൽപ്പെട്ട അനേകർക്ക് അയവിറക്കാനുള്ള മധുരസ്മരണകൾ, അവരുടെ ബാല്യത്തിൽ മുത്തച്ഛനോടും മുത്തശ്ശിയോടും ഒരുമിച്ചു കഴിഞ്ഞിട്ടുള്ള അവസരങ്ങളാണ്. കഥകൾ പറഞ്ഞും, സദുപദേശങ്ങൾ നൽകിയും, കൊച്ചുപാട്ടുകൾ പഠിപ്പിച്ചും — അർത്ഥപൂർണ്ണങ്ങളായ സന്ദർഭങ്ങളായിരുന്നു അവ. അച്ഛനമ്മമാർ കൃത്യാന്തരബാഹുല്യങ്ങളിൽ വ്യാപൃതരാകുമ്പോൾ കർത്തവ്യങ്ങളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും വിരമിച്ച് വിശ്രമകാലം കഴിക്കുന്ന മുത്തച്ഛൻമാർക്കും മുത്തശ്ശിമാർക്കും ജീവിതം ഉൻമേഷഭരിതമാകുന്നത് പേരക്കിടാങ്ങളോടൊരുമിച്ച് സമയം ചെലവിടുമ്പോഴാണ്. എന്തായാലും അത്തരത്തിലുള്ള ജീവിതാനുഭവങ്ങൾ സമൂഹത്തിൽ നിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു.

ഒരു പെൻസിൽ കൊണ്ട് എന്തോ എഴുതിക്കൊണ്ടിരിക്കുന്ന മുത്തശ്ശിയോട് ഒരു ബാലൻ, "എന്താണ് എഴുതുന്നത്? എന്നെപ്പറ്റിയാണോ?" എന്നു ചോദിച്ചു. മുത്തശ്ശി എഴുത്തു നിർത്തി പറഞ്ഞു 'എഴുതുന്ന വാക്കുകളെക്കാൾ അധികം പ്രധാനമായിട്ടുള്ളത് എഴുതാനുപയോഗിക്കുന്ന പെൻസിലാണ്.

അവനിൽ കൗതുകവും ജിജ്ഞാസയും ഉണർന്നു. അവൻ മുത്തശ്ശിയുടെ കയ്യിൽ നിന്ന് പെൻസിൽ വാങ്ങി. താല്പര്യത്തോടെ നോക്കി. പക്ഷേ അതിൽ പ്രത്യേകത ഒന്നുമവൻ കണ്ടില്ല

അവൻ പറഞ്ഞു. "ഞാൻ കണ്ടിട്ടുള്ള മറ്റു പെൻസിൽ പോലെ തന്നെയാണല്ലോ ഇതും. ഇതിന് എന്തു വ്യത്യാസമാണുള്ളത്." അപ്പോഴാണ് പെൻസിലിനെ പറ്റിയുള്ള ഭാഷ്യം മുത്തശ്ശി വിശദീകരിച്ചത്.

നീ ഇതിനെ എങ്ങനെ നോക്കിക്കാണുന്നു എന്നതാണ് പ്രധാനം. അഞ്ചു പ്രധാന കാര്യങ്ങൾ, അഞ്ചു കൈവിരലുകൾ നോക്കി ഓർത്തിരിക്കാം.

ഒന്ന്:- പെൻസിൽ ഉപയോഗിക്കുന്ന കരം എന്ത് എഴുതണമെന്നും എങ്ങനെയെഴുതണമെന്നും കരം നിശ്ചയിക്കും. അതുപോലെ നിന്റെ പാദങ്ങളെ നയിക്കുന്ന അദൃശ്യകരമുണ്ട്. അതിനെ 'ദൈവത്തിന്റെ കരം' എന്നു നാം പറയുന്നു. 'നമ്മെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയും ലക്ഷ്യവുമുണ്ട്.' ദിവ്യ പരിപാലനത്തെക്കുറിച്ചുള്ള ആ വാക്കുകൾ മായാതെ ഓർമ്മയിൽ തങ്ങിനിന്നു.

മുത്തശ്ശി തുടർന്നു: 'രണ്ടാമത്തെ കാര്യം- ഞാൻ എഴുതിക്കുറച്ചു കഴിയുമ്പോൾ പെൻസിലിന്റെ മുന തേഞ്ഞുപോകുന്നു. അപ്പോൾ ഒരു ബ്ലേഡ് കൊണ്ട് കുറെ ഭാഗം ചെത്തിക്കളഞ്ഞ് എഴുതാൻ പാകത്തിന് മുന വരുത്തുന്നു. അപ്പോൾ ആ പെൻസിലിന് വേദനയും നൊമ്പരവും ഉണ്ടാകും പക്ഷേ അതു കൂടുതൽ എഴുതാൻ സജ്ജമാക്കപ്പെടുകയാണ്. അതുപോലെ ജീവിതത്തിൽ വേദനയും പ്രയാസവും ഉണ്ടാകുന്ന അവസരങ്ങൾ വരും. അപ്പോൾ നിരാശപ്പെടാതെ പിന്മാറിപ്പോകാനോ ഇടയാകരുത്. നമ്മെ കൂടുതൽ പ്രാപ്തിയുള്ളവരും കഴിവുള്ളവരും ആക്കാൻ അത്തരം പ്രതിസന്ധികൾ സഹായിക്കും അവ നമ്മെ സ്ഫുടം ചെയ്യുന്നു, നമ്മെ നിറഞ്ഞ

അവസ്ഥയിലേക്ക് ഉയർത്താനും ഇടവരുത്തും. പ്രയാസങ്ങളും വൈഷമ്യങ്ങളും നേരിടുമ്പോ. മുത്തശ്ശിയുടെ വാക്കുകൾ അവന്റെ ഓർമ്മയിലെത്തും

മൂന്നാമത്തെ കാര്യം ശ്രദ്ധിക്കുക: മുത്തശ്ശി പറഞ്ഞു. എന്തെങ്കിലും തെറ്റുപറ്റിയാൽ റബർ ഉപയോഗിച്ച് അതു മായ്ക്കാനും തിരുത്താനും പെൻസിൽ സഹായിക്കും. പേനയും മഷിയും ഉപയോഗിച്ചാൽ അതിനു കഴിയില്ല. അതിന്റെ മുകളിൽ വെള്ളപൂശാനേ കഴിയൂ. നമുക്ക് എന്തെങ്കിലും അബദ്ധംപിണഞ്ഞാൽ തിരുത്തുക നല്ല കാര്യമാണ്. അത് നന്മനീതിയുടെയും സത്യത്തിന്റെയും പാതയിൽ മുന്നേറാൻ സഹായിക്കും. തെറ്റുകൾ സംഭവിക്കുക സഹജമാണ്. കാരണം നമ്മുടേതായ പരിമിതികൾ നമുക്കുണ്ട്. പക്ഷേ അതൊക്കെ തിരിച്ചറിഞ്ഞ് തിരുത്താൻ ശ്രമിച്ചാൽ ജീവിതവിജയം സാധ്യമാണ്." നാലാമത്തെകാര്യം മുത്തശ്ശി തുടർന്നത് ഇങ്ങനെയാണ്. ഈ പെൻസിലിന്റെ പുറമേയുള്ള നിറമോ അതിന്റെ തടിയോ അല്ല പ്രധാനം. അവയൊക്കെ ആകർഷകമാകാം. പെൻസിലിന്റെ അകത്തുള്ള കാരീയം (Graphite) ആണ് പ്രധാനം. നമ്മുടെ ഉള്ളിലെ ചിന്തകളും മനോവ്യാപാരങ്ങളുമാണ് പ്രധാനം. അതുകൊണ്ട് നമ്മുടെ ഉള്ളിൽ എന്തൊക്കെ ചിന്തകളും ഭാവനകളും ചിറകുവിരിക്കുന്നു എന്നത് ശ്രദ്ധിക്കണം. സ്വച്ഛമായ മനസ്സും മനസ്സാക്ഷിയും കാത്തുസൂക്ഷിക്കുന്നതു പ്രധാന കാര്യമാണ്.

അഞ്ചാമത്തെകാര്യം മുത്തശ്ശി പറഞ്ഞത് ശ്രദ്ധേയമാണ്. "പെൻസിൽ പ്രവർത്തിച്ചു കഴിയുമ്പോൾ അത് രേഖകളും കുറിമാനങ്ങളും അവശേഷിപ്പിക്കുന്നു.

അതുപോലെ നീ ഓർക്കേണ്ട ഒരു കാര്യമുണ്ട്. നീ പറയുന്നതും ചെയ്യുന്നതുമായ എല്ലാകാര്യങ്ങളും നിന്നെക്കുറിച്ചുള്ള ഓർമ്മയിൽ അവശേഷിപ്പിക്കും. നല്ല ഓർമ്മയും അടയാളവും അവശേഷിപ്പിക്കാൻ ഉതകും വിധത്തിൽ ജീവിതത്തിന്റെ ഓരോനാളും കരുതലോടും സൂക്ഷ്മതയോടും നയിക്കുക." മുത്തശ്ശി-യുടെ പെൻസിൽ ഭാഷ്യം കൈവിരലിൽ ഓർക്കാൻ മാത്രമല്ല, ജീവിതത്തിൽ ഉടനീളം പിൻതുടരാനും പ്രേരകമാണ്.

ചോദ്യങ്ങൾ:-

i) സമൂഹത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മൂല്യങ്ങളെപ്പറ്റി വിശദമാക്കുക? [4]

ii) അതിനെ 'ദൈവത്തിന്റെ കരം' എന്നു നാം പറയുന്ന സന്ദർഭവും ആശയവും വിശദമാക്കുക? [4]

iii) പ്രയാസങ്ങളും വിഷമങ്ങളും വരുമ്പോൾ ഓർമ്മയിൽ തെളിയുന്ന വാക്കുകൾ വിശകലനം ചെയ്യുക [4]

iv) ജീവിത വിജയം സാധ്യമാക്കാൻ മുത്തശ്ശി നൽകുന്ന ഉപദേശം എന്താണ്? [4]

v) പെൻസിലിന്റെ കാരീയവും (Graphite) ജീവിതവും തമ്മിലുള്ള ബന്ധമെന്ത്? [4]

Question 3

a) തിരുത്തിയെഴുതുക [4]

i) തന്റെ ജീവിതം മുഴുവൻ നാടിനുവേണ്ടി പരിത്യജിച്ചവനും ജനങ്ങളുടെ അഭ്യുദയം മുന്നിൽ കണ്ടു പ്രവർത്തിക്കുകയും ചെയ്ത ഒരു നേതാവായിരുന്നു ഗാന്ധിജി.

ii) ചന്ദ്രനിൽ മനുഷ്യനുണ്ടെങ്കിൽ അവർ മൂകരും ബധിരരുമായിരിക്കും.

iii) അയാൾ തെറ്റു ചെയ്തെങ്കിലും പിന്നീടു പശ്ചാ-
ത്തപിച്ചതിനാൽ നിങ്ങൾ അയാൾക്കു മാപ്പുനൽകുക

iv) ഓരോ വിദ്യാർത്ഥികൾക്കും സ്വന്തം ഭാവിയെപ്പറ്റി വ്യക്തമായ ഒരു ധാരണയുണ്ടായിരിക്കണമെന്ന് വീണ്ടും ഒരിക്കൽക്കൂടി അദ്ദേഹം ഓർമ്മിപ്പിച്ചു.

b. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോഗിക്കുക [6]

i) കൊടുമ്പിരിക്കൊള്ളുക

ii) കാടു കയറുക

iii) നെട്ടോട്ടമോടുക

iv) കുടത്തിലെ വിളക്ക്

## SECTION B

## PRESCRIBED TEXTBOOKS - 50 Marks

മൂന്നു പുസ്തകത്തിൽ നിന്നുമായി നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

### 1. ഗദ്യകൈരളി

Question 4

"നമ്മുടെ കണക്കുകൂട്ടലുകളെല്ലാം ക്ഷണവേഗമാണ് തകിടം മറിയുന്നത്"

i) 'മനസ്സ് നിഷ്കളങ്കനായ ഒരു കല്ലാശാരിയാണ്' എന്നു പറയാൻ കാരണമെന്ത്? [3]

ii) അയാളുടെ മനസ്സിൽ ഒരു തണുപ്പ് അനുഭവപ്പെട്ട എപ്പോൾ? [3½]

iii) അപകടം നടന്ന സ്ഥലത്ത് കച്ചവടക്കാരൻ പറഞ്ഞതെന്ത്? [2½]

iv) യാത്രയുടെ അഞ്ചാം ദിവസം വിശ്വൻ കണ്ടെത്തിയ കവലയെക്കുറിച്ച് വിവരിക്കുക? [3½]

Question 5 :-

തകഴിയുടെ ആഖ്യാനചാതുരി നിഴലിക്കുന്ന ഒരു കഥയാണ് 'വെള്ളപ്പൊക്കത്തിൽ' — പരിശോധിക്കുക? [12½]

Question 6 :-

'ഗുരുകുലം' എന്ന കഥയിലൂടെ കഥാകൃത്ത് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്ത്? പരിശോധിക്കു [12½]

അബുരവിന്ത്

Question 7 :-

"അതിൽപ്പിന്നെ പഴക്കമേറിയ ഈ ഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കൂടുകയാണ് കുഞ്ഞ്യാപ്പോൾ"

i) കുഞ്ഞ്യാപ്പോളുടെ വിവാഹത്തിനായി നടത്തിയ ഒരുക്കങ്ങൾ വിവരിക്കുക? [3½]

iii) കുഞ്ഞ്യാപ്പോളുടെ പഴയ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും വിവരിക്കുക? [3½]

iii) അതു വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവമായിരുന്നു. ഏത്? [2]

iv) കുഞ്ഞ്യാപ്പോൾക്കു വിവാഹാലോചന കൊണ്ടുവന്നതാര്? അയാൾ കൊണ്ടുവന്ന സ്വാമിയുടെ കത്തിന്റെ ഉള്ളടക്കമെന്ത്? [3½]

Question 8

അസുരവിത്തിൽ നിഴലിക്കുന്ന സാമുദായിക ബന്ധങ്ങളെക്കുറിച്ച് വിവരിക്കുക? [12½]

Question 9 :-

ശേഖരൻ നായർ എന്ന കഥാപാത്രത്തിന്റെ അവതരണത്തിൽ എം.ടി. എത്രമാത്രം വിജയിച്ചിരിക്കുന്നുവെന്ന് പരിശോധിക്കുക? [12½]

## ആ മനുഷ്യൻ നീ തന്നെ

Question 10 :-

"ചില കാര്യങ്ങൾ പറയാൻ കടങ്കഥയല്ലാതെ ഭാഷയില്ല".

i) കടങ്കഥക്കു ബത്ശേബ പറഞ്ഞ പൊരുളെന്ത്? [3]

ii) ദൂതൻ അറിയിച്ചതായി അമാസ ദാവീദിനോടു പറഞ്ഞതെന്ത്? അതിനു ദാവീദു പറഞ്ഞ മറുപടിയെന്ത്? [3½]

iii) പഴയ പ്രശസ്തിയാണ് ദാവീദിന്റെ സിംഹാസനത്തിന്റെ ഉറപ്പ് - പറഞ്ഞതാര്? സന്ദർഭം? [3]

iv) 'എനിക്കതിന്റെ അർത്ഥം മനസ്സിലാകുന്നില്ല' എന്ന് എലിയാം പറഞ്ഞതെപ്പോൾ? [3]

Question 11 :-

യുദ്ധത്തെക്കുറിച്ച് ദാവീദുരാജാവിന്റെ അഭിപ്രായമെന്ത്? [12½]

Question 12 :-

"പാപത്തിന്റെ ഫലം മരണം കൊയ്തെടുത്തു" - ദാവീദ് രാജാവ് ഇങ്ങനെ പറയുവാനുള്ള സാഹചര്യം വിശദമാക്കുക. [12½]